Lalith Babu

വിവരാവകാശ നിയമത്തിലെ compensation നും fine ഉം തമ്മിൽ വ്യത്യാസമുണ്ട്. അപേക്ഷ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷകനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കാണ് compensation അനുവദിക്കുന്നത്. ഈ compensation പബ്ലിക് അതോറിറ്റിയിൽ നിന്നും ഈടാക്കി അപേക്ഷകന് നൽകുന്നു. എന്നാൽ പിഴ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കുന്നു

5. മേൽപ്പറഞ്ഞ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ, കമ്മീഷൻ താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു.

i. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും ഇതിനകം നൽകിയിട്ടുള്ളതിനാൽ വിവരം ലഭിച്ചില്ലെന്ന പരാതിയിൽ നടപടി അവസാനിപ്പിക്കുന്നു.

ii. അപ്പീൽ ഹർജിക്കാരൻ 19.12.2007 ന് സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം 26 മാസങ്ങൾക്കുശേഷം 1.3.2010 ന് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. വിവരങ്ങൾ ലഭിക്കുന്നതിനുവേണ്ടി അപ്പീൽ ഹർജിക്കാരന് അനുഭവിക്കേണ്ടി വന്ന കഷ്ടനഷ്ടവും മനക്ലേശവും കണക്കിലെടുത്ത് വിവരാവകാശ നിയമം 19(8)(b) വകുപ്പുപ്രകാരം അപ്പീൽ ഹർജിക്കാരന് 5000/- രൂപ നഷ്ടപരിഹാരം അനുവദിച്ചു കൊണ്ട് കമ്മീഷൻ ഇതിനാൽ ഉത്തരവാകുന്നു. നഷ്ടപരിഹാര തുകയായ 5000/- രൂപ ഈ ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി 30 ദിവസത്തിനകം കേരള കാർഷിക സർവ്വകലാശാല അപ്പീൽ ഹർജിക്കാരന് നൽകേണ്ടതാണ്.

അപ്പീൽ ഇപ്രകാരം തീർപ്പാക്കി ഇന്നേ ദിവസം 2010 മാർച്ച് മാസം 19 -ാം തീയതി കമ്മീഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.